# മഹാത്മാഗാന്ധി സർവകലാശാല

## (സംഗ്രഹം)

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ - വിദൂരവിദ്യാഭ്യാസ പഠനപദ്ധതി - യു.ജി.സി. നിബന്ധന പ്രകാരം സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് (CIQA) രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**എസ്.ഡി.ഇ I സെക്ഷൻ**

നം.7276/എസ്.ഡി.ഇ 1 / 1 / 2017 14/12/2017

---

**പരാമർശം:** 1. 23.06.2017 തീയതിയിലെ യു.ജി.സി. (ഓ.ഡി.എൽ) റെഗുലേഷൻസ് 2017.

2. 29/11/2017 - ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ.15/17.15

## ഉത്തരവ്

യു.ജി.സി. വിദൂര വിദ്യാഭ്യാസ പഠന റെഗുലേഷൻ 2017 -ന്റെ അനുബന്ധം 1. 1 പ്രകാരം വിദൂര വിദ്യാഭ്യാസ പഠനപദ്ധതിയിൽ നടത്തപ്പെടുന്ന കോഴ്സുകളുടെയും അവയുടെ പഠനബോധനപരീക്ഷണ സമ്പ്രദായത്തിന്റെയും നിലവാരം നിരന്തര മൂല്യനിർണയത്തിലൂടെ ഉറപ്പാക്കുന്നതിലേക്ക് സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. യു.ജി.സി നിബന്ധന പ്രകാരം പ്രസ്തുത സമിതി നിർവഹിക്കേണ്ട ചുമതലകൾ താഴെ വിവരിക്കുന്നു.

1. വിദൂര വിദ്യാഭ്യാസ പഠിതാക്കൾക്ക് നൽകുന്ന സേവനങ്ങളുടെ നിലവാരം ഉറപ്പുവരുത്തുക.
2. ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തികളും നിരന്തരമായ പുരോഗതി പ്രാപിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
3. ഉന്നതവിദ്യാഭ്യാസ സ്ഥാപനം ഗുണനിലവാരം ഉറപ്പാക്കേണ്ട നിർണായക മേഖലകൾ കണ്ടെത്തുക.
4. ഗുണനിലവാരത്തെ സംബന്ധിച്ച വിവരങ്ങൾ പ്രചാരത്തിൽ കൊണ്ടുവരിക.
5. ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിനു കീഴിലുള്ള വിവിധ സ്കൂളുകൾ/ വകുപ്പുകൾ/കേന്ദ്രങ്ങൾ എന്നിവയുമായി ഇടപെടുകയും വിവര ശേഖരണം നടത്തുകയും ചെയ്യുക.
6. ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തേണ്ടുന്ന മേഖലകൾ കണ്ടെത്തി ഉന്നതാധികാരികൾക്ക് മാർഗനിർദ്ദേശങ്ങൾ സമർപ്പിക്കുക.
7. ഗുണനിലവാര കേന്ദ്രത്തിന്റെ ശുപാർശകൾ നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് തുടർച്ചയായ മേൽനോട്ടത്തിലൂടെ ഉറപ്പാക്കുക.
8. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലേക്ക് പഠിതാക്കൾ, അദ്ധ്യാപകർ, ജീവനക്കാർ, രക്ഷകർത്താക്കൾ, പൊതുസമൂഹം,സർക്കാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുക.
9. പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിലേക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.
10. ഓരോ പ്രോഗ്രാമിനെ സംബന്ധിച്ചും കൃത്യവും പൂർണ്ണവും ആധികാരികവുമായ സ്ഥിതി വിവരങ്ങൾ ശേഖരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും നിരന്തരമായി ഇടപെടുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയും അതുവഴി ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്തമാണ് യു.ജി.സി

റെഗുലേഷൻ 2017 പ്രകാരം സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് ( CIQA) എന്ന സമിതിക്കുള്ളത്.

29/11/2017 - ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ.എ്വ.15/17.15 പ്രകാരം യു.ജി.സി. വിദൂര വിദ്യാഭ്യാസ പഠന റെഗുലേഷൻ 2017 നിർദേശിച്ചിരിക്കുന്ന പ്രകാരം സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസ പഠന പദ്ധതി പ്രകാരം നടത്തപ്പെടുന്ന കോഴ്സുകളുടെയും അവയുടെ പഠനബോധനപരീക്ഷണ സമ്പ്രദായത്തിന്റെയും നിലവാരം നിരന്തര മൂല്യനിർണയത്തിലൂടെ ഉറപ്പാക്കുന്നതിലേക്ക് താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് എന്ന സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1. ഡയറക്ടർ, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ (ചെയർമാൻ)
2. ഡോ. എ.എം.തോമസ്, പ്രൊഫസ്സർ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ്
3. ഡോ.ബീന മാത്യു, പ്രൊഫസ്സർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്
4. ഡോ.എം.എസ് ജിഷ, പ്രൊഫസ്സർ, സ്കൂൾ ഓഫ് ബയോ സയൻസസ്
5. ഡോ.റോബിനറ്റ് ജേക്കബ്, അസോസിയേറ്റ് പ്രൊഫസ്സർ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്
6. ഡോ.അനൂജ് മുഹമ്മദ്, അസോസിയേറ്റ് പ്രൊഫസ്സർ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
7. ഡോ.സജിമോൻ അബ്രഹാം, അസിസ്റ്റന്റ് പ്രൊഫസ്സർ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ്സ് സ്റ്റഡീസ്
8. ഡോ.സജ്ന ജലീൽ, അസിസ്റ്റന്റ് പ്രൊഫസ്സർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്
9. ഡോ.എ.പി.തോമസ്, ഓണററി ഡയറക്ടർ, ACESSD (ഇന്റേണൽ ക്വാളിറ്റി ആഡിറ്റർ)

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ശ്രീ.ഷെറഫുദീൻ .കെ
അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.ഡി.ഇ)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. വി.സി, പി വി സി എന്നിവരുടെ പി എസ് മാർക്ക്
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ ,പരീക്ഷാകൺട്രോളർ എന്നിവരുടെ പി എ മാർക്ക്
4. ജോയിന്റ് ഡയറക്ടർ, കെ എസ് എ
5. എസി.സി / എസി.എ 1 /ഐ.ക്യു.എ.സി /സി.എം.സെക്ഷൻ
6. എഡി.എ 1/എഡി.എ 2/എഡി.എ 5
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ